വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്കൂളുകൾ

355 [2414] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര സ്കൂളുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു;

(ബി) അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 459 സ്കൂളുകൾ.

(ബി) പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

കാലപ്പഴക്കംകൊണ്ട് ശോചനീയാവസ്ഥയിലായ ഗവൺമെന്റ് സ്കൂളുകൾ

356 [2415] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര സർക്കാർ സ്കൂൾ കെട്ടിടങ്ങൾ കാലപ്പഴക്കമുള്ളവയാണെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്;

(ബി) ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇത് എന്നത്തേക്ക് നടപ്പിലാക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) കോഴിക്കോട് ആർ.ഇ.സി. കോളേജിനു സമീപമുള്ള ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ കെട്ടിടത്തിന്റെ ശോചനീയാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(എഫ്) ഇത് എന്നത്തേക്ക് നടപ്പിലാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 89,328 സ്കൂളുകൾ.

(ബി ആന്റ് സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും എസ്.എസ്.എ. പദ്ധതി പ്രകാരവും നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ജില്ലാ പഞ്ചായത്ത് വഴി പരിഹരിക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

(എഫ്) വിവരം ശേഖരിച്ച് അറിയിക്കുന്നതാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly